(ബി) റദ്ദാക്കിയിട്ടുണ്ട്. 2009-ലെ കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ ഷെഡ്യൂളിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതു പ്രകാരം എൽ.പി. ക്ലാസ്സുകളിൽ (1 മുതൽ 5 വരെ) 1:30, യു.പി. ക്ലാസ്സുകളിൽ (6 മുതൽ 8 വരെ) 1:35 എന്ന അദ്ധ്യാപക വിദ്യാർഥി അനുപാതം ക്ലാസ് തലത്തിൽ നടപ്പിലാക്കണമെന്ന കണ്ടെത്തൽ കാരണമാണ് ബഹുമാനപ്പെട്ട ഹൈക്കോടതി 1:45 അനുപാതം റദ്ദാക്കിയിട്ടുള്ളത്. എന്നാൽ ഹൈസ്കൂൾ ക്ലാസ്സുകളിൽ (9, 10 ക്ലാസ്സുകളിൽ) 1:45 അനുപാതം സംബന്ധിച്ച വ്യവസ്ഥ ബഹുമാനപ്പെട്ട ഹൈക്കോടതി റദ്ദാക്കിയിട്ടില്ല.

(സി) റദ്ദാക്കിയിട്ടുണ്ട്. പകരം സംവിധാനം ഏർപ്പെടുത്തുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

തൊഴിൽ നൈപുണ്യ വികസന പദ്ധതി

20(*108) ശ്രീ. ഷാഫി പറമ്പിൽ :

ശ്രീ. എം. പി. വിൻസെന്റ് :

ശ്രീ. എം. എ. വാഹീദ് :

ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രത്യേക തൊഴിൽ നൈപുണ്യ വികസന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്താമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്):

(എ) ഉണ്ട്. സംസ്ഥാനത്ത് പൊതു വിദ്യാഭ്യാസ വകുപ്പിന്റെയും ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ പ്രത്യേക തൊഴിൽ നൈപുണ്യ വികസന പദ്ധതി 2012-13 വർഷത്തിൽ തുടക്കം കുറിച്ചിട്ടുണ്ട്. ഹയർ സെക്കണ്ടറി ബിരുദതലത്തിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ തൊഴിൽ ക്ഷമത ഉയർത്തുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യം.

GPM. 2/239/2020-8

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഹയർ സെക്കണ്ടറി ബിരുദ വിദ്യാർത്ഥികൾക്ക് റഗുലർ പഠനത്തോടൊപ്പം താല്പര്യമുള്ള തൊഴിൽ മേഖലകളിൽ പരിശീലനം നൽകി അവരുടെ തൊഴിൽ ക്ഷമത വർദ്ധിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പദ്ധതിയുടെ ഭാഗമായി തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്, വിവര സാങ്കേതിക വിദ്യ, ഇഷ്ടമുള്ള ഒരു തൊഴിൽ മേഖല എന്നിവയിൽ വിവിധ പരിശീലന സ്ഥാപനങ്ങൾ (TSP) ട്രെയിനിംഗ് നൽകിവരുന്നു. ഇതിനകം 958 വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ ഈ പദ്ധതിയിൽ ഭാഗമായിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ താഴെ സൂചിപ്പിക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഹയർ സെക്കണ്ടറി പ്ലസ് വൺ വിദ്യാർത്ഥികൾക്കും ബിരുദ വിദ്യാർഥികൾക്കും റഗുലർ പഠനത്തോടൊപ്പം താല്പര്യമുള്ള തൊഴിൽ മേഖലകളിൽ പരിശീലനം നൽകി അവരുടെ തൊഴിൽ ക്ഷമത വർദ്ധിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഇതിന്റെ ഭാഗമായി വിദ്യാർത്ഥികൾക്ക് തൊഴിൽ പരിശീലനം നൽകുന്നതിനായി സംസ്ഥാനത്തെ 14 ജില്ലകളിലും തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിലും കോളേജുകളിലും അസാപ്പിന്റെ കീഴിൽ 105-ൽ പരം സ്കിൽ ഡവലപ്മെന്റ് സെന്ററുകൾ ഇതിനകം ആരംഭിച്ചുകഴിഞ്ഞു.

വിദ്യാർത്ഥികൾക്ക് പരിശീലനം ലഭ്യമാക്കുന്നതിനുവേണ്ടി ഓരോ സെന്ററിലും കമ്പ്യൂട്ടർ ലാബ് സ്ഥാപിക്കുകയും ആവശ്യമായ സാങ്കേതിക ഉപകരണങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിയുടെ ചെലവിൽ ഓരോ സെന്ററിലേക്കും കേബിൾ നെറ്റ്വർക്ക് കണക്ഷനും സജ്ജമാക്കിയിട്ടുണ്ട്. ഓരോ സ്കിൽ സെന്ററിന്റെയും ക്ലാസ്സ് മുറികളിൽ പ്രൊജക്ടേഴ്സ് സ്ഥാപിച്ചിട്ടുണ്ട്. ഇതിനകം 958 വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ ഈ പദ്ധതിയിൽ ഭാഗമായിട്ടുണ്ട്. ഇതിനോടകം 50000-ൽ അധികം വിദ്യാർത്ഥികൾ അസാപ്പിന്റെ നൈപുണ്യ പദ്ധതിയിൽ പങ്കെടുക്കുകയും പരിശീലനം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ നിയോജക മണ്ഡലങ്ങളിൽ കമ്മ്യൂണിറ്റി സ്കിൽ പാർക്കിന്റെ നിർമ്മാണത്തിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. 15 അസംബ്ലി നിയോജക മണ്ഡലങ്ങളിൽ സ്ഥലം കണ്ടെത്തി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

ധാരാളം വിദ്യാർത്ഥികൾ അസാപ്പിന്റെ നൈപുണ്യം പദ്ധതിയിൽ പങ്കെടുക്കുകയും പരിശീലനം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly